PUTHUR PANCHAYAT

445. ചൌധരി ജി. എസ്സ്". ധാരാസിംഗ്": താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പുത്തൂർ പഞ്ചായത്തിൽ ഫ്ലഡ് കെട്ടേണ്ട ചിറകൾക്കുള്ള ടെണ്ടർ വിളി നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ അതു ആർ നടത്തി; എവിടെവെച്ചു";

(ബി) ഇതിനെ സംബന്ധിച്ചു" പഞ്ചായത്തു പ്രസിഡണ്ടിന്റെ വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ ഉടൻ എന്തുചെയ്തു;

(സി) പിന്നീട് ആക്കെങ്കിലും കൺട്രാക്ട് കൊടുക്കുകയുണ്ടായോ; ആക്കാണു" കൊടുത്തതു"; അതു കൊടുത്തു; പഞ്ചായത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ചു" വീണ്ടും പഞ്ചായത്തു പ്രസിഡണ്ടിന്റെ വല്ല എഴുത്തുകളും കിട്ടുകയുണ്ടായൊ; അവയുടെ പകർപ്പു" മേശപ്പുറത്തു വെക്കുമോ?

റാവു സാഹിബ്ബു" സി. ജെ. മാത്യു:

(എ) വേനൽ ചിറകൾ ടെണ്ടർ നടത്തുന്നതിനു പഞ്ചായത്തു ഓവർസിയർ ലേലദിവസം പുത്തൂർ പഞ്ചായത്താപ്പീസ്സിൽ ചെല്ലുകയും അന്നേദിവസം ലേലം വിളിക്കുന്നതിനു ആരുംതന്നെ ഉണ്ടാകാഞ്ഞതിനാൽ ലേലം നടത്തുകയും ഉണ്ടായില്ല.

(ബി) പഞ്ചായത്തു" പ്രസിഡണ്ടിന്റെ ആക്ഷേപം കിട്ടുകയും അന്വേഷണം നടത്തുകയും ചെയ്തു.

(സി) ചിറസംരക്ഷണപണി എം. ചുമ്മാർ എന്നാളെ ഡിപ്പാർട്ടുമെന്റിൽനിന്നും കരാർ എല്പിച്ചു. ടി കാര്യത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടുണ്ടു".

(ഡ) ഇതിനെ സംബന്ധിച്ചു പഞ്ചായത്തു" പ്രസിഡണ്ടിന്റെ എഴുത്തുകൾ കിട്ടിയിട്ടുണ്ടു". ഫ്ലഡ് വുശ്രികം നാം നു കിട്ടിയ രണ്ടു എഴുത്തുകളുടേയും ഫ്ലഡ് മീനം ചെയ്തു കിട്ടിയ ഒരു എഴുത്തിന്റെയും പകർപ്പുകൾ മേശപ്പുറത്തു വെച്ചിട്ടുണ്ടു".

ചൌധരി ജി. എസ്സ്". ധാരാസിംഗ്": ഉത്തരം 'എ'യിൽ "ഓവർസിയർ ലേലദിവസം പുത്തൂർ പഞ്ചായത്താപ്പീസ്സിൽ ചെല്ലുകയും അന്നേദിവസം ലേലംവിളിക്കുന്നതിനു ആരും തന്നെ ഉണ്ടാകാഞ്ഞതിനാൽ ലേലംനടത്തുകയും ഉണ്ടായില്ല" എന്നുപറഞ്ഞിട്ടുണ്ടു". അതിനു ശേഷം പരസ്യമായി ലേലം വിളിക്കാതെ ആക്കെങ്കിലും കൊടുത്തിട്ടുണ്ടൊ എന്നാണു" ചോദ്യം.

റാവുസാഹിബ്ബു" സി. ജെ. മാത്യു: ലേലദിവസം ഓവർസീയർ സ്ഥലത്തുചെന്നു. ലേലം വിളിക്കുവാൻ സ്ഥലത്തു ആരും വന്നില്ല. അതുകൊണ്ടു" അദ്ദേഹം മടങ്ങിപോന്നു. പിന്നീടു" പഞ്ചായത്തുകാർ നു ൦ ക. ക്കു" ആ പണിനടത്താമെന്നുപറഞ്ഞു. അങ്ങിനെയിരിക്കെയാണു" ൪൫൦ ക. ക്കു ഒരാൾസമ്മതിച്ചുവന്നതു". ആ വിവരം പഞ്ചായത്തുകാരോടുപറഞ്ഞു" അയാൾക്കുതന്നെ കൊടുത്തു.

ചൌധരി ജി. എസ്സ്". ധാരാസിംഗ്": ൪൫൦ ക. ക്കു" കൊടുക്കുവാൻ വിരോധമില്ലെന്നുപഞ്ചായത്തുകാർ പറഞ്ഞിട്ടുണ്ടൊ ?

റാവുസാഹിബ്ബു" സി. ജെ. മാത്യു: സമ്മതിച്ചുകൊണ്ടു" അവർ എഴുതി അയച്ചിട്ടുണ്ടു".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: പഞ്ചായത്തു" ഓവർസിയർ പഞ്ചായത്താപ്പീസ്സിൽ ചെല്ലുകയും ലേലം നടത്തുകയും ഉണ്ടായില്ല എന്നുപറഞ്ഞിരിക്കുന്നു. അദ്ദേഹം ചെന്നിട്ടില്ലെ?

റാവുസാഹിബ്ബു" സി. ജെ. മാത്യു: ചെന്നു; ലേലം വിളിക്കാൻ ആരുമില്ലാത്തതുകൊണ്ടു" മടങ്ങിപോന്നു.

ചൌധരി ജി. എസ്സ്". ധാരാസിംഗ്": പഞ്ചായത്തിൽനിന്നും പ്രസിഡണ്ടു" അയച്ച ആക്ഷേപത്തെക്കുറിച്ചു" വല്ല അന്വേഷണവും നടത്തിട്ടുണ്ടൊ?

Rao Sahib C. J. Mathew *(Secretary to Government):* Yes.

ചൌധരി ജി. എസ്സ്". ധാരാസിംഗ്": അതിനുശേഷം ൪൫൦ ക. ക്കു" ടെൻഡർ സ്ഥിരപ്പെടുത്തിയൊ?

റാവുസാഹിബ്ബു" സി. ജെ. മാത്യു: സ്ഥിരപ്പെടുത്തി.

CHALAKRUDI IRRIGATION SCHEME

446. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിതു": താഴെ പറയുന്ന ചോദ്യങ്ങൾക്കു" ബഹുമാനപ്പെട്ട ഗവണ്മെണ്ടു" സദയം മറുപടി പറയുമോ.—

(എ) ദിവാൻജി അവർകളുടെ കഴിഞ്ഞ ബഡ്ജറ്റ പ്രസംഗത്തിൽ ചാലക്കുടി സ്കീം അടുത്ത ഏതാണ്ടം ആണ്ടുക്കുള്ളിൽ ആരംഭിക്കുമെന്നു വാഗ്ദാനംചെയ്ത "Chalakkudi Irrigation

LIBRARY ARCHIVES Kerala Legislative Assembly